വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ്

88 (6247) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ് എന്തെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തിരിച്ചറിയൽ കാർഡ് പല ഓഫീസുകളിലും സ്വീകരിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ കാർഡ് സ്വീകരിക്കാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകാൻ തയ്യാറാകുമോ ?

ഉത്തരം

(എ) കേരളത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമായി വൈകല്യമുള്ള എല്ലാവർക്കും ഐഡന്റിറ്റി കാർഡുകൾ നൽകുന്നതിനുള്ള പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുന്നതിന് തിരിച്ചറിയൽ കാർഡ് ഉപയോഗിക്കാവുന്നതാണ്. സർക്കാർ സർവ്വീസിൽ അർഹരായ വികലാംഗർക്ക് 3% ജോലി സംവരണം നൽകിവരുന്നു. പൊതുമേഖല സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിലും അർഹരായ ജോലി സമ്പാദിക്കുവാൻ ഈ ഐഡന്റിറ്റി കാർഡ് സഹായകരമാണ്. വൈകല്യമുള്ളവർക്ക് നൽകുന്ന പെൻഷൻ എല്ലാ അർഹരായ വൈകല്യമുള്ള വർക്കും ഇനി ലഭ്യമാകുന്നതാണ്. വൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ പ്രവേശനം സ്കൂളുകളിലും കോളേജുകളിലും പ്രൊഫഷണൽ രംഗത്തും ഒരു നിശ്ചിത ശതമാനത്തിൽ ലഭ്യമാണ്. ഈ കുട്ടികൾക്ക് ഗ്രാന്റ്, സ്കോളർഷിപ്പ് എന്നിവയും ലഭ്യമാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ/ട്രെയിനിൽ സൗജന്യ യാത്രയ്ക്ക് ഇവർക്ക് അർഹതയുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിൽകൂടി വിവാഹ ധനസഹായം, പ്രത്യേക തൊഴിൽ പരിശീലന പദ്ധതി, പുനരധിവാസം എന്നിവയും ലഭ്യമാണ്. കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ വഴി കുറഞ്ഞ പലിശ നിരക്കിൽ സ്വയം തൊഴിൽ ചെയ്യുന്നതിന് ലോൺ ലഭിക്കുന്നു. കൂടാതെ സഹായോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ സ്പെഷ്യൽ സ്കൂളുകളിൽ സൗജന്യമായി പഠിക്കുവാനും, തൊഴിൽ പരിശീലനം നേടുവാനും സാധിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഡിസംബർ 6/2003-ലെ സ.ഉ.(പി)നം.71/03/സാ.ക്ഷേ.വ. പ്രകാരം വൈകല്യമുള്ളവർക്ക് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നൽകുന്ന തിരിച്ചറിയൽ

LIBRARY ARCHIVES Kerala Legislative Assembly

കാർഡ് അവർക്ക് എല്ലാവിധ ആനുകൂല്യങ്ങൾക്കും ഉപയോഗിക്കാവുന്ന ആധികാരിക രേഖയായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഇതിനു പുറമേ ഇത് സംബന്ധിച്ച അറിയിപ്പ് എല്ലാ വകുപ്പ് അധികാരികൾക്കും 5-3-10-ലെ കത്ത് മുഖേന നല്കി. ഇത് കൂടാതെ കേരള സർക്കാർ ചീഫ് സെക്രട്ടറിയുടെ 3322 / എ2/10/സാക്ഷേവ 31-3-2010-ലെ കത്ത് മുഖേന എല്ലാ വകുപ്പ് അധികാരികൾക്കും ഇപ്പോൾ നൽകിവരുന്ന തിരിച്ചറിയൽ കാർഡ് അംഗീകരിക്കാനും വൈകല്യമുള്ളവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നല്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

വികലാംഗക്ഷേമ കോർപ്പറേഷനിലെ വായ്പകൾ

89 (6248) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്ന് ഏതെല്ലാം തരത്തിലുള്ള വായ്പകളാണ് നൽകി വരുന്നത് ;

(ബി) ഈ വായ്പകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം ആണ് ;

(സി) വായ്പകൾ കുടിശ്ശിക വരുത്തിയവരിൽ നിന്ന് പ്രസ്തുത തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ഡി) വികലാംഗക്ഷേമ കോർപ്പറേഷനിലൂടെ എൻ. എച്ച് എഫ്. സി. ഡി വായ്പയെടുക്കുകയും തിരിച്ചടയ്ക്കാൻ കഴിയാതെ വന്നവരുമായ പാവപ്പെട്ട വികലാംഗർക്ക് എന്തെല്ലാം സഹായങ്ങളാണ് വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തിരം ഏർപ്പെടുത്തിയിട്ടുള്ളത് ;

(ഇ) വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തിരം എടുത്ത കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അവ വിശദമാക്കുമോ ;

(എഫ്) വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്ന് എടുത്ത കാർഷിക വായ്പകളെക്കൂടി കാർഷിക കടാശ്വാസ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരാൻ വകുപ്പ് മുൻകൈ എടുക്കുമോ ?

ഉത്തരം

(എ) ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NHFDC) ചാനലൈസിംഗ് ഏജൻസിയാണ് സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ. NHFDC അനുവദിക്കുന്ന വായ്പ തുക കോർപ്പറേഷൻ വികലാംഗർക്ക് ചെറുകിട ബിസിനസ് തുടങ്ങുക, കാർഷിക പ്രവർത്തനങ്ങൾക്ക്/ കമേഴ്സ്യൽ പർപ്പസ്സിന് വാഹനം വാങ്ങുക, സ്വയംതൊഴിൽ കണ്ടെത്തുക, സ്മാൾ ഇൻഡസ്ട്രീസ് യൂണിറ്റ് തുടങ്ങുക, സാങ്കേതിക വിദ്യാഭ്യാസം ചെയ്യുക തുടങ്ങിയവയ്ക്കായി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly